# വിദ്യാഭ്യാസ രംഗത്തൊരു വിപ്ലവം

മുഹമ്മദ് അബുൽ ജലാൽ മൗലവി

മനുഷ്യസമൂഹത്തിന്റെ ഇഹപര നൻമക്കു വേണ്ടി സൃഷ്ടികർത്താവായ അല്ലാഹു പ്രവാചകൻമാർ മുഖേന അവതരിപ്പിച്ച സമ്പൂർണ ജീവിത പദ്ധതിയാണ് ദീനുൽ ഇസ്‌ലാം. ആരാധനകളും അനുഷ്ഠാന മുറകളും മാത്രമല്ല, ജീവിതത്തിന്റെ എല്ലാ വശങ്ങളെയും സംബന്ധിക്കുന്ന നിയമങ്ങളും നിർദേശങ്ങളും ഇസ്‌ലാം ഉൾകൊള്ളുന്നു. ഈ വ്യവസ്ഥ വിവിധ കാലദേശങ്ങളിൽ ജനസമുദായങ്ങളെ പരിചയപ്പെടുത്തി തദടിസ്ഥാനത്തിൽ നാഥനും രക്ഷകനുമായ അല്ലാഹുവിന്റെ പരമാധികാരത്തോട് മാത്രം കൂറുപുലർത്തുന്ന ഒരു ജീവിതക്രമം കെട്ടിപ്പടുക്കുവാനാണ് ദൈവദൂതരായ പ്രവാചകന്മാർ നിയുക്തരായത്. പ്രവാചകന്മാർ നിറവേറ്റിയിരുന്ന ഈ ദൗത്യം അന്ത്യപ്രവാചകനായ മുഹമ്മദ് നബിക്ക് ശേഷം മുസ്‌ലിം സമുദായം ഏറ്റെടുത്ത് നടത്തണമെന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹു ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ ഉത്തരവാദിത്ത നിർവഹണത്തിൽ മുസ്‌ലിംകളെ സജ്ജമാക്കുവാനും ഇതര സമൂഹങ്ങൾക്കിടയിൽ ഇസ്‌ലാമിക വ്യവസ്ഥയെ പരിചയപ്പെടുത്തുവാനും വേണ്ടി നിലകൊള്ളുന്ന ഒരു സംഘടനയാണ് ജമാഅത്തെ ഇസ്‌ലാമി. ഇസ്‌ലാമിക വ്യവസ്ഥ തേഞ്ഞുമാഞ്ഞു പോയശേഷം അതിനെ പുനഃസ്ഥാപിച്ചു നിലനിറുത്തുവാൻ പ്രതിജ്ഞാബദ്ധമായ ഈ പ്രസ്ഥാനം മനുഷ്യ ജീവിതത്തിന്റെ എല്ലാ മേഖലയെയും അതിന്റേതായ കാഴ്ചപ്പാടിൽ നോക്കിക്കാണുക സ്വാഭാവികമാണ്. ഈ അടിസ്ഥാനത്തിൽ ജീവിതഘടനയെ ആഴത്തിൽ സ്വാധീനിക്കുന്ന വിദ്യാഭ്യാസ രംഗം ജമാഅത്തിന്റെ സജീവ പരിഗണനക്ക് വിധേയമാവുക അനിവാര്യമാകുന്നു.

രാജ്യത്തിന്റെ ഘടന ഇസ്‌ലാമിക നവോത്ഥാനത്തിന് അനുകൂലമാക്കി മാറ്റിയെടുക്കുന്നതിന് വിദ്യാഭ്യാസരംഗത്ത് മൂന്നു മാർഗങ്ങളാണ് ജമാഅത്ത് സ്വീകരിച്ചിട്ടുള്ളത്. ഒന്ന്, രാജ്യത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിൽനിന്ന് നിരീശരത്വത്തിന്റെയും അധാർമികതയുടെയും അടിവേരുകൾ അറുത്തുകളയാനും ധാർമിക മൂല്യങ്ങളിലധിഷ്ഠിതമായ വിദ്യാസമ്പ്രദായം വളർത്തിക്കൊണ്ടുവരാനും ശ്രമിക്കുക. രണ്ട്, മുസ്‌ലിം തലമുറയിൽ ഇസ്‌ലാമിക പൈതൃകം നിലനിറുത്തുന്നതിനും ദീനിന്റെ അറിവും ശിക്ഷണവും ശാസ്ത്രീയമായി ഊട്ടി ഉറപ്പിക്കുന്നതിനും പ്രാമുഖ്യം കൽപിച്ചുകൊണ്ട് ആധുനിക കലാശസ്ത്ര വിജ്ഞാനങ്ങൾ അഭ്യസിക്കാൻ സാധിക്കുന്ന വിധം പ്രായോഗിക സംവിധാനങ്ങൾ ഏർപെടുത്തുക. മൂന്ന്, ആധുനിക യുഗത്തിന്റെ പ്രത്യേകതകൾ പരിഗണിച്ച് ഇസ്‌ലാമിക പ്രബോധനം നടത്തുവാനും ഇസ്‌ലാമിനെ സമർഥമായി പ്രതിനിധീകരിക്കാനും യോഗ്യരായ പണ്ഡിതന്മാരെ വാർത്തെടുക്കുക.

മുകളിൽ പറഞ്ഞ മൂന്നു കാര്യങ്ങളിൽ ഒന്നാമത്തെ വശത്ത് ജമാഅത്തെ ഇസ്‌ലാമിയെപ്പോലുള്ള ഒരു സംഘടനയുടെ പ്രവർത്തനം മുന്നോട്ടുനീക്കാൻ പരിമിതികളുണ്ട്. ഇക്കാര്യത്തിൽ ആശയ പ്രചരണം എന്ന പരിധിയിൽ ഒതുങ്ങിനിൽക്കാൻ നിർബന്ധിക്കുന്ന സാഹചര്യമാണുള്ളത്. കാരണം, പൊതുവിദ്യാഭ്യാസ സംവിധാനങ്ങൾ ഒരു മതേതര ഭൗതിക ഭരണകൂടത്തിന്റെ പിടിയിലാകുന്നു. ബ്രിട്ടീഷുകാരുടെ കാലംതൊട്ട് ഇന്നോളം ഇവിടെ തുടർന്നു വരുന്ന പൊതു വിദ്യാഭ്യാസ മേഖലയിൽ ഈശ്വര വിശ്വാസത്തതിനും പരലോക ബോധത്തിനും ധാർമികശിക്ഷണങ്ങൾക്കും സ്ഥാനമില്ല. പാഠപദ്ധതികൾ ഭൗതികാധിഷ്ഠിതമാണ്. സകല കലാശാസ്ത്രങ്ങളും ഭൗതിക വീക്ഷണത്തിൽ രചിക്കപ്പെട്ടവയാണ്. ജീവിതത്തെ സംബന്ധിച്ച ഭൗതിക വീക്ഷണത്തിൽ വാർത്തെടുത്ത വിദ്യാഭ്യാസത്തിലൂടെ തലമുറയെ ഈശ്വരവിശ്വാസത്തിലും പരലോക ബോധത്തിലും ധാർമികമുറയിലും അടിയുറപ്പിച്ചു നിർത്തുക സാധ്യമല്ല. സൈദ്ധാന്തികവും തത്വചിന്താപരവുമായ വശത്ത് ഇസ്‌ലാമികാദർശങ്ങൾക്കനുകൂലമായ ധാരണകൾ വിദ്യാഭ്യാസ ചിന്തകരുടെ മനസ്സുകളിൽ കടത്തിവിടാനുള്ള ശ്രമങ്ങളാണ് ഈ മേഖലയിൽ ജമാഅത്തെ ഇസ്‌ലാമിയുടെ സാധ്യതയിൽ പെടുന്നത്. ശാസ്ത്രവിജ്ഞാനങ്ങളുടെ രചന ഈശ്വര ശക്തിയും യുക്തിയും പരലോകത്തിന്റെ അനിവാര്യതയും കണ്ടെത്താൻ കഴിയുംവിധം ഉടച്ചുവാർക്കുകയാണ് ഈ വശത്ത് നടപ്പിലാക്കാവുന്ന ക്രിയാത്മക പരിപാടികളിലൊന്ന്. വളരെ പ്രയാസമേറിയ കാര്യമാണെങ്കിലും മനുഷ്യത്വവും ധാർമികതയുമുള്ള തലമുറ രാജ്യത്ത് വളർന്ന് വരണമെങ്കിൽ ഇത് കൂടിയേ കഴിയൂ. ഭൗതിക തത്വശാസ്ത്രങ്ങൾക്കെതിരെ ബുദ്ധിയുടെ വിധിക്കുമമ്പിൽ ഇസ്‌ലാമിക സിദ്ധാന്തങ്ങൾ ഉയർത്തിപ്പിടിക്കാൻ ജമാഅത്ത് നടത്തിയ പ്രചാരണ പ്രവർത്തനങ്ങൾ ഒട്ടേറെ വിദ്യാഭ്യാസ ചിന്തകരെ സ്വാധീനിച്ചിട്ടുണ്ട്. രാജ്യത്തിന്റെ ഭരണ സംവിധാനത്തിൽ സമൂല പരിവർത്തനം സാധിക്കുമാർ സൃഷ്ടികർത്താവിന്റെ പരമാധികാര സങ്കൽപത്തിന് സ്വാധീനം സിദ്ധിക്കുമ്പോൾ മാത്രമേ ജമാഅത്തെ ഇസ്‌ലാമി ലക്ഷ്യമാക്കുന്ന ഈ വിദ്യാഭ്യാസനയം പൂർണമായി പ്രാവർത്തികമാക്കാനാവൂ.

വളർന്നുവരുന്ന മുസ്‌ലിം തലമുറകൾക്ക് കാലാകാലങ്ങളിൽ ഇസ്‌ലാമിക സംസ്കാരവും ദീനി വിജ്ഞാനവും ധാർമികതയിൽ ഊന്നുന്ന ലൗകിക വിദ്യാഭ്യാസവും പകർന്നുകൊടുക്കേണ്ടത് മുസ്‌ലിം സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. ജമാഅത്തെ ഇസ്‌ലാമി ഈ വശത്ത് നിർമാണപരമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ജമാഅത്തെ ഇസ്‌ലാമി പ്രവർത്തനം ആരംഭിച്ച ഘട്ടത്തിൽ മുസ്‌ലിംകൾ മത വിദ്യാഭ്യാസ രംഗത്തും ലൗകിക വിദ്യാഭ്യാസ രംഗത്തും വളരെ പുറകിലായിരുന്നു. ഇസ്‌ലാമിക വിദ്യാഭ്യാസം സംബന്ധിച്ച് ശരിയായ സങ്കൽപം ഉണ്ടായിരുന്നില്ല. അക്കാലത്ത് അറബി ഭാഷയും ദീനീ കിതാബുകളും ഓതി പഠിക്കുന്നവർക്ക് ലൗകിക വിജ്ഞാനങ്ങൾ കരസ്ഥമാക്കുന്നതിൽ താൽപര്യമുണ്ടായിരുന്നില്ല. ലൗകിക വിജ്ഞാനങ്ങൾ പഠിക്കാൻ സ്കൂളുകളിലും കോളേജുകളിലും പോകുന്നവർ അറബി ഭാഷയും ദീനും പഠിക്കണമെന്ന് ചിന്തിക്കുകപോലും ചെയതിരുന്നില്ല. അങ്ങനെ മതം അറിയാത്ത 'മിസ്റ്ററും' ലോകം തിരിയാത്ത മുസ്‌ലിയാരും മുസ്‌ലിം സമുദായത്തിൽ രണ്ടു തട്ടുകളിലായി അകന്നുകഴിഞ്ഞു. 'മതം' മനുഷ്യനിൽനിന്ന് താൽപര്യപ്പെടുന്നത് 'ആരാധന' മാത്രമാണെന്ന വികലമായ 'മതസങ്കൽപ'മാണ് ഇതിനെല്ലാം വഴിവെച്ചത്. വാസ്തവത്തിൽ ദീനിന്റെ മൗലികമായ ആദർശസിദ്ധാന്തങ്ങളിലും നിയമ വ്യവസ്ഥകളിലും ഊന്നിക്കൊണ്ട് ലൗകിക ജീവിതത്തിന്റെ സകല വശങ്ങളും സംവിധാനിക്കാൻ കഴിയുംവിധം രണ്ടുതരം വിദ്യാഭ്യാസവും നേടിയ വ്യക്തികളെയാണ് ദീനുൽ ഇസ്‌ലാം മുസ്‌ലിംകളിൽനിന്ന് ആവശ്യപ്പെടുന്നത്. ഈ സാഹചര്യത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപക നേതാവായ മൗലാനാ അബുൽ അഅ്‌ലാ മൗദൂദി ഒരു നവീന വിദ്യാഭ്യാസ പദ്ധതി

ആവിഷ്കരിക്കുകയുണ്ടായി. ഇസ്‌ലാമിക വിജ്ഞാനീയങ്ങൾ നിലനിറുത്തുന്നതിനും ആധുനിക യുഗത്തിൽ ഇസ്‌ലാമിന്റെ പ്രബോധനം സമർഥമായി നിർവഹിക്കുന്നതിനും യോഗ്യരായ പണ്ഡിതന്മാരെ വളർത്തിയെടുക്കാൻ ഉപകരിക്കുന്ന ആ ആ വിദ്യാഭ്യാസ സ്കീം ഇസ്‌ലാമിക നവോത്ഥാന ചിന്തകർക്ക് മാർഗദർശനം നൽകി. ഈ വെളിച്ചത്തിൽ വടക്കേ ഇന്ത്യയിൽ റാംപൂരിൽ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ഒരു ഇസ്‌ലാമിക വിദ്യാഭ്യാസ കേന്ദ്രം സ്ഥാപിച്ചു. അത് മൗലാന മൗദൂദി ആവിഷ്കരിച്ച വിദ്യാഭ്യാസ സ്കീമിന്റെ പൂർണ രൂപമായിരുന്നില്ല. പൂർണ രൂപത്തിൽ ആ സ്കീം നടപ്പിലാക്കുവാൻ വളയേറെ മുന്നൊരുക്കങ്ങൾ വേണ്ടിയിരുന്നു. ഇന്ത്യയിലും പാക്കിസ്ഥാനിലും മുസ്‌ലിംകളുടെ നിയന്ത്രണത്തിൽ മികച്ച സജ്ജീകരണങ്ങളുള്ള സർവകലാശാലകളുണ്ട്. ആ സ്ഥാപനങ്ങൾ മൗലാനാ മൗദൂദിയുടെ വിദ്യാഭ്യാസ പദ്ധതി നടപ്പാക്കിയിരുന്നുവെങ്കിൽ ആധുനിക യുഗത്തിൽ ഇസ്‌ലാമിനെ പ്രതിനിധീകരിക്കാനും ഇസ്‌ലാമിക പ്രബോധനം സമുന്നത മേഖലകളിൽ പ്രകാശിപ്പിക്കാനും യോഗ്യരായ പണ്ഡിതന്മാരെയും ചിന്തകരെയും വാർത്ത് വളർത്തിയെടുക്കാൻ സാധിക്കുമായിരുന്നു.

അമ്പതുകളിൽ കേരളത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനത്തിന് വികാസം സിദ്ധിച്ചപ്പോൾ പ്രസ്ഥാനത്തിന്റെ വളർച്ചയനുസരിച്ച് ധാരാളം പണ്ഡിതരായ പ്രവർത്തകർ ആവശ്യമായി വന്നു. ഇതിനൊരു പരിഹാരമെന്ന നിലയിലാണ് ശാന്തപുരം ഇസ്‌ലാമിയാ കോളേജ് നിലവിൽവന്നത്. ആവശ്യങ്ങൾ വർധിച്ചപ്പോൾ ചേന്ദമംഗല്ലൂരിലും കുറ്റ്യാടിയിലും ഇതേ മാതൃകയിൽ കോളേജുകൾ സ്ഥാപിതമായി. ഇതേ ലക്ഷ്യത്തിൽ, മറ്റൊരു രീതിയിൽ കാസർകോട്ട് മർഹൂം ഇസ്സുദ്ദീൻ മൗലവി മുൻകൈയെടുത്ത് സ്ഥാപിച്ച ആലിയാ അറബിക്കോളേജും നടന്നുവരുന്നു.

ഉത്തർപ്രദേശിലെ റാംപൂരിൽ ജമാഅത്തെ ഇസ്‌ലാമി സ്ഥാപിച്ച വിദ്യാഭ്യാസ ഗേഹത്തിന്റെ ചുവടുപിടിച്ചാണ് ശാന്തപുരം ഇസ്‌ലാമിയാ കോളേജിന്റെ പാഠപദ്ധതിക്ക് രൂപംനൽകിയത്. അതിനുഷം സൗകര്യമുള്ള സ്ഥലങ്ങളിൽ ജമാഅത്ത് പ്രവർത്തകർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാക്കിത്തുടങ്ങി. ശാന്തപുരം കോളേജിൽ ഖുർആൻ, ഹദീസ്, ഫിഖ്ഹ്, ഉസൂലുകൾ, ചരിത്രം, അറബി സാഹിത്യം എന്നിവ സർവ്വപ്രധാനമായി പഠിപ്പിച്ചിരുന്നു. ഇതോടൊപ്പം ഇംഗ്ലീഷ് ഭാഷകളും ഇകണോമിക്സ്, പൊളിറ്റിക്സ്, ഫിലോസഫി, ഹിസ്റ്ററി എന്നിവയും പാഠ്യവിഷയങ്ങളായിരുന്നു. ഇസ്‌ലാമിക ആശയങ്ങളും ആധുനിക ഭൗതിക സിദ്ധാന്തങ്ങളും തമ്മിലുള്ള താരതമ്യ പഠനത്തിന് പ്രാമുഖ്യം കൽപിച്ചിരുന്നു. ശാന്തപുരം കോളേജ് ആരംഭിച്ച ഘട്ടത്തിൽ ഒരു പ്രാഥമിക മദ്രസ നടത്താനുള്ള സൗകര്യപോലും അവിടെ ഉണ്ടായിരുന്നില്ല. വളരെ പ്രയാസങ്ങൾ തരണം ചെയ്താണ് സ്ഥാപനം വളർന്നുവന്നത്. അധ്യാപകർ അർപ്പണബോധത്തോടെ വിദ്യാർഥികളിൽ ഉന്നതമായ യോഗ്യതകളിൽ സൃഷ്ടിക്കാൻ കഠിനാധ്വാനം ചെയ്തു. ഉന്നത നിലവാരത്തിൽ വിജ്ഞാനം നേടി ഇസ്‌ലാമിക പ്രബോധന രംഗത്തിറങ്ങണമെന്ന തീരുമാനത്തിൽ വിദ്യാർഥികൾ പഠിച്ചുവളർന്നു. അധ്യാപകരും വിദ്യാർഥികളും സഹകരിച്ച് ഗവേഷണപരമായ കഴിവുകൾ വളർത്തിയെടുത്തു. ശാന്തപുരം കോളേജിൽനിന്നും അതിന്റെ മാതൃക പിൻതുടർന്ന മറ്റു സ്ഥാപനങ്ങളിൽനിന്നും ആദ്യ കാലങ്ങളിൽ മികച്ച കഴിവുകളുള്ള വിദ്യാർഥികൾ പുറത്തിറങ്ങി പ്രബോധന രംഗത്ത് ശോഭിച്ചു കാണുന്നതിന്റെ പുറകിലുള്ള വസ്തുതകളാണ് മുകളിൽ പറഞ്ഞത്. മേൽപറഞ്ഞ വികാരവും ആവേശവും മങ്ങിയപ്പോൾ യോഗ്യരായ പ്രവർത്തകരെ പുറത്തിറക്കാൻ സ്ഥാപനങ്ങൾക്ക് കഴിയാതെ വന്നു.

കേരളത്തിൽ ജമാഅത്ത് പ്രവർത്തകരുടെ സ്വാധീനത്തിൽ കുറെ പ്രാഥമിക മദ്രസകളും സ്ഥാപിതമായി. ഏതാനും 'ഇസ്‌ലാമിയ്യാ കോളേജു'കളും നിലവിൽവന്നു. ഈ സാഹചര്യം കണക്കിലെടുത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാർഗദർശനം നൽകി നിയന്ത്രിക്കുന്നതിനായി മജ്‌ലിസുത്തഅലീമൽ ഇസ്‌ലാമി എന്ന പേരിൽ സംഘടന ജമാഅത്തിന്റെ കീഴിൽ രൂപീകരിക്കപ്പെട്ടു. പ്രാഥമിക മദ്രസ്സകൾക്കും സെക്കണ്ടറി മദ്രസകൾക്കും വേണ്ടി ഒരു പാഠ്യപദ്ധതിയും ഏതാനും പാഠപുസ്തകങ്ങളും മജ്‌ലിസ് പ്രസിദ്ധീകരിച്ചു. ലൗകിക വിഷയങ്ങൾ പൊതുവിദ്യാലയങ്ങളിൽനിന്ന് പഠിക്കുന്ന മുസ്‌ലിം കുട്ടികൾക്ക് ദീനീ, അറബി വിദ്യാഭ്യാസം ലഭിക്കാൻ സൗകര്യപ്പെടുന്ന വിധത്തിലാണ് ഈ പാഠ്യപദ്ധതി രൂപീകരിച്ചിട്ടുള്ളത്. ഖുർആൻ, ഹദീസ്, ഫിഖ്ഹ്, സീറ, അഖാഇദ്, അഖ്‌ലാഖ്, അറബി, സർഫ്, നഹ്‌വ് എന്നിവയാണ് പാഠ്യവിഷയങ്ങൾ.

ജമാഅത്ത് പ്രവർത്തകർ സ്വന്തമായി ദീനീ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു നടത്തുവാൻ മാത്രമല്ല, ഇതര മുസ്‌ലിം സംഘടനകളുമായും വ്യക്തികളുമായും സഹകരിച്ചുകൊണ്ട് ഈ രംഗത്ത് പ്രവർത്തിക്കണമെന്ന് കൂടി ജമാഅത്ത് നിർദേശിക്കുന്നുണ്ട്. ജമാഅത്ത് പ്രവർത്തകരുടെ മദ്രസകൾക്ക് മാത്രമല്ല മറ്റു മുസ്‌ലിം സംഘടനകളുടെയും വ്യക്തികളുടെയും നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്കും മാതൃകയും മാർഗനിർദേശവും ലഭിക്കുക എന്നതും മജ്‌ലിസിന്റെ പ്രവർത്തന ലക്ഷ്യങ്ങളിൽ ഉൾപെടുന്നു. കേരളത്തിൽ മുസ്‌ലിം സമുദായത്തിന്റെ മദ്രസാ വിദ്യാഭ്യാസം സംബന്ധിച്ച ആവശ്യങ്ങൾ നിറവേറ്റുവാൻ ജമാഅത്തെ ഇസ്‌ലാമിയുടെ പക്കൽ സൗകര്യം മതിയാവുകയില്ല. ഇതര മുസ്‌ലിം സംഘടനകൾ ഈ മേഖലയിൽ അർപ്പിക്കുന്ന സേവനങ്ങൾ മതിപ്പോടു കൂടിയാണ് ജമാഅത്ത് വീക്ഷിക്കുന്നത്. ചിലരുടെ സങ്കുചിത വീക്ഷണം കാരണമായി വളരുന്ന മുസ്‌ലിം തലമുറയിൽ പരസ്പര വിദ്വേഷത്തിന്റെയും ഭിന്നിപ്പിന്റെയും വിത്തുകൾ മുളക്കാൻ സാധ്യതയുണ്ട്. ഖേദകരമായ ഈ വസ്തുത ഒഴിച്ചുനിർത്തിയാൽ കേരളത്തിലെ എല്ലാ മുസ്‌ലിം സംഘടനകളും ഗ്രൂപ്പുകളും തലമുറക്ക് ദീനീവിജ്ഞാനം പകർന്നുകൊടുക്കാൻ നടത്തുന്ന സേവനങ്ങൾ ശ്ലാഘനീയമാണ്. ഈ സംരംഭങ്ങൾ സർവവിധ സഹായ സഹകരണങ്ങൾ അർഹിക്കുന്നു.

കോളേജ് നിലവാരത്തിലുള്ള ഉപരി വിദ്യാഭ്യാസത്തിനും ഒരു സിലബസ് മജ്‌ലിസ് തയാറാക്കിയിട്ടുണ്ട്. അറബീ ദീനീ വിജ്ഞാനങ്ങളോടൊപ്പം ഇംഗ്ലീഷും ഉറുദുവും തെരഞ്ഞെടുക്കപ്പെട്ട ഏതാനും 'ആർട്സ്' വിഷയങ്ങളും കൂട്ടിയിണക്കിയ ഒരു പുതിയ സമ്പ്രദായമാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. ജമാഅത്തു പ്രവർത്തകർ ചുറ്റുപാടിന്റെ പ്രത്യേകതകൾ പരിഗണിച്ച് ചില സ്ഥലങ്ങളിൽ അഫ്ദലുൽ ഉലമാ കോഴ്സ് സ്വീകരിച്ചു കൊണ്ടുള്ള സ്ഥാപനങ്ങളും നടത്തിവരുന്നുണ്ട്. ഈ രണ്ടുതരം സ്ഥാപനങ്ങളിലും പഠിക്കുന്ന വിദ്യാർഥികളെ, ഗവൺമെന്റ് യൂനിവേഴ്സിറ്റികൾ അംഗീകരിച്ച ഡിഗ്രി കോഴ്സുകൾക്ക് പരീക്ഷ എഴുതാൻ ഒരുക്കുകയും ചെയ്യുന്നു.

ആർട്സ് ആന്റ് ഇസ്‌ലാമിക് കോഴ്സ് (AIC) സ്വീകരിച്ചു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽനിന്നും അഫ്ദലുൽ ഉലമാ കോഴ്സ് നടത്തുന്ന സ്ഥാപനങ്ങളിൽനിന്നും പഠനം പൂർത്തിയാക്കിയ വിദ്യാർഥികളെ ചേർത്തുകൊണ്ട് ഉന്നത നിലവാരത്തിലുള്ള ഒരു ഉപരിപഠന സംവിധാനം മജ്‌ലിസുത്തഅ്ലീമിൽ ഇസ്‌ലാമിയുടെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ദഅ്‌വാ കോളേജ് (കുല്ലിയ്യത്തുദ്ദഅ്‌വത്ത്) എന്ന പേരിൽ അറിയപ്പെടുന്ന ഈ സ്ഥാപനത്തിന് ദ്വിവർഷ പാഠപദ്ധതിയാണ് സ്വീകരിച്ചിട്ടുള്ളത്. അറബി ഭാഷയിലും അറബി സാഹിത്യത്തിലും നല്ല പിടിപാടുള്ളതോടൊപ്പം ഖുർആനിലും ഹദീസിലും ഫിഖ്ഹിലും ഉസൂലുകളിലും അവഗാഹം നേടിയ പണ്ഡിതരായ പ്രബോധകരെ വാർത്തെടുക്കുകയാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. ഇസ്‌ലാമിനെതിരിൽ ഉയരുന്ന ആധുനിക ഭൗതിക പ്രസ്ഥാനങ്ങളുടെ വെല്ലുവിളി സമർഥമായി നേരിടുവാൻ തത്വചിന്താപരവും ശാസ്ത്രീയവുമായ വിജ്ഞാനങ്ങളുടെ പിൻബലം വേണം. ഒരു പരിധിവരെ ഈ വശവും ഈ പാഠപദ്ധതിയിൽ പരിഗണിച്ചിട്ടുണ്ട്. പാഠപദ്ധതിയുടെ കാലാവധി മൂന്നു വർഷമോ നാലു വർഷമോ ആയി വർധിപ്പിക്കുകയും ഗവേഷണാത്മകമായ പഠനരീതിക്ക് മുൻതൂക്കം നൽകുകയാണെങ്കിൽ ഇതുവഴി കൂടുതൽ മെച്ചപ്പെട്ട ഫലങ്ങൾ ദൃശ്യമാകും.